**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1228** **02-02-2026 - ൽ മറുപടിയ്ക്ക്**

**കലാകാരന്മാരുടെ ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കലാരകാരന്മാരുടെ ക്ഷേമനിധിയിൽ ആംഗങ്ങളായവർക്ക് ക്ഷേമനിധി മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**പെൻഷൻ**<br><br>കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന് അറുപത് വയസ്സ് തികയുന്നതിന്റെ അടുത്തമാസം മുതലോ 7-ാം വകുപ്പിന്റെ 1-ാം ക്ലിപ്ത നിബന്ധനപ്രകാരം അംഗത്വം ലഭിച്ച ഒരാളിന്, അംഗത്വം ലഭിച്ച് ഒരു മാസം പൂർത്തിയാകുമ്പോൾ മുതലോ സൂപ്പറാന്വേഷൻ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. നിലവിൽ 4000 രൂപയാണ് പെൻഷൻ ഇനത്തിൽ നൽകി വരുന്നത്.<br><br>**കുടുംബ പെൻഷൻ**<br><br>കുറഞ്ഞത് രണ്ട് വർഷം അംശദായം അടച്ച ഒരു അംഗമോ, പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്ന അംഗമോ മരണപ്പെട്ടാൽ യഥാർത്ഥ അവകാശികൾക്ക് ആവശ്യമായ രേഖകൾ സമർപ്പിച്ച് ഫാമിലി പെൻഷന് അപേക്ഷ നൽകാവുന്നതും പ്രതിമാസം 1100 രൂപ ഫാമിലി പെൻഷന് അർഹതയുണ്ടായിരിക്കുന്നതും ആണ്.<br><br>കുടുംബ പെൻഷന് അപേക്ഷിക്കുന്നയാൾ അപേക്ഷയോടൊപ്പം അംഗത്തിന്റെ, ജനന-മരണ രജിസ്ട്രാർ നൽകുന്ന മരണ സർട്ടിഫിക്കറ്റ്, മരണപ്പെട്ട അംഗവുമായുള്ള ബന്ധുത്വം തെളിയിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജാഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. അവിവാഹിതരായ മക്കളാണ് അപേക്ഷകരെങ്കിൽ അവരുടെ വിവാഹം വരെ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഇപ്രകാരം |

പെൻഷൻ ലഭിക്കുന്നവർ വിവാഹം നടന്ന വിവരം സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. ആൺമക്കളാണ് അപേക്ഷകരെങ്കിൽ അവർ പ്രായപൂർത്തിയാകുകയോ സ്വന്തമായ ഉപജീവനം ലഭിക്കുകയോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതോടുകൂടി അവർ പെൻഷന് അർഹരല്ലാതായി തീരുന്നതാണ്. കുടുംബ പെൻഷനു വേണ്ടിയുള്ള അപേക്ഷ അംഗത്തിന്റെ മരണ തീയതി മുതൽ 6 മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

**അവശതാ പെൻഷൻ**

നിധിയിൽ കുറഞ്ഞത് 5 വർഷം അംശദായം അടച്ചിട്ടുള്ളതും സ്ഥിരമായ ശാരീരിക അവശത മൂലം തുടർന്ന് പ്രവർത്തനം നടത്താൻ കഴിയാത്തതുമായ ഒരംഗത്തിന് കുടിശ്ശിക എന്തെങ്കിലും ഉണ്ടെങ്കിൽ അത് അടച്ച് അംഗത്വം നിലനിറുത്തുന്ന പക്ഷം പ്രതിമാസം അവശതാപെൻഷന്
അർഹതയുണ്ടായിരിക്കുന്നതാണ്. സ്ഥിരമായ ശാരീരിക അവശത തെളിയിക്കുന്നതിലേക്ക് സർക്കാർ സർവ്വീസിലെ ഒരു സിവിൽ സർജന്റെ പദവിയിൽ താഴെ അല്ലാത്ത ഒരു ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. നിലവിൽ 1100/- രൂപയാണ് അവശതാ പെൻഷനായി നൽകി വരുന്നത്.

**ചികിത്സാ സഹായം:-**

ക്ഷേമനിധിയിൽ തുടർച്ചയായി മൂന്ന് വർഷം അംശദായം അടച്ച "ചിസ്" ആരോഗ്യ സുരക്ഷാ പദ്ധതിയിൽപ്പെടാത്ത അംഗത്തിനും കുടുംബാംഗങ്ങൾ ക്കും ക്ഷേമനിധിയുടെ ആക്ടിൽ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ചികിത്സാ സഹായത്തിന് അർഹതയുണ്ടായിരിക്കും. മാരകരോഗങ്ങളായ ഹൃദ്രോഗം, കാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾ സംബന്ധമായ അസുഖം എന്നിവയ്ക്ക് 1.5 ലക്ഷം രൂപ വരെ ചികിത്സാ സഹായത്തിനായി വ്യവസ്ഥ ഉണ്ട്.

**വിവാഹ ആനുകൂല്യം:**

കുറഞ്ഞത് ഒരു വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച അംഗത്തിന്റെയോ അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയോ വിവാഹ ആവശ്യത്തിലേക്കായി 25,000/- രൂപ ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്.

**മരണാനന്തര ചെലവ് സഹായം:-**

| | | | |
|---|---|---|---|
| | | | ഒരംഗത്തിന്റെ മരണാനന്തര ചെലവുകൾക്കായി മൂവായിരം രൂപയും നിധിയിലെ ഒരംഗം അസുഖം മൂലമോ, അപകടം മൂലമോ മരണപ്പെട്ടാൽ ആദ്യത്തെ മൂന്ന് വർഷത്തെ കാലാവധിക്കുള്ളിൽ മരണാനന്തര സഹായമായി 5000/- രൂപയും ശേഷമുള്ള ഓരോ വർഷത്തെ അംഗത്വകാലയളവിന് 1000/- രൂപ വീതവും, പരമാവധി 25,000/- രൂപ അംഗത്തിന്റെ കുടുംബത്തിന് മരണാനന്തര ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. നിലവിൽ മരണാനന്തര ചെലവ്/സഹായം 10,000/- രൂപയാണ് നൽകി വരുന്നത്. |
| (ബി) | കലാരകാരന്മാരുടെ ക്ഷേമനിധി അംഗത്വം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഏതൊക്കെ വിഭാഗങ്ങളിൽപ്പെട്ട കലാകാരന്മാർക്കാണ് നിലവിൽ ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുക; | (ബി) | 18 വയസ്സിനും 60 വയസ്സിനുമിടയ്ക്കുള്ള കലാ സാംസ്കാരിക പ്രവർത്തകർ -' സാംസ്കാരിക പ്രവർത്തകർ' എന്നാൽ സിനിമ, ഇലക്ട്രോണിക് മാധ്യമം, നാടകം, സംഗീതം, കഥകളി, ഗാനമേള, അനുകരണകല, സാഹിത്യം, ചിത്രരചന, ശിൽപ്പകല, നാടൻകലകൾ, അനുഷ്ഠാന കലകൾ, സെമിക്ലാസിക്കൽ കലകൾ, നാടൻപാട്ടുകൾ, മേക്കപ്പ്, വാദ്യകലകൾ, മാജിക്, സർക്കസ്, മാർഗ്ഗംകളി, ചവിട്ടുനാടകം, കാർട്ടൂൺ, കഥാപ്രസംഗം, വസ്ത്രരൂപകൽപ്പന, പരസ്യകല, പെയിന്റിംഗ്, കോംപയറിംഗ്, ഫോട്ടോഗ്രഫി എന്നീ മേഖലകളിലെ ഏതെങ്കിലും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകളിൽ ലൈബ്രേറിയൻ ആയി പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ തന്റെ ഉപജീവനത്തിനായി അങ്ങനെയുള്ള മറ്റേതെങ്കിലും രൂപത്തിലുള്ള കല, സാഹിത്യം, സംസ്കാരം, സാംസ്കാരിക പ്രഭാഷണം തുടങ്ങിയ മേഖലയിലുള്ളവർക്കാണ് അംഗത്വം നല്കുന്നത്. സിനിമാ/സീരിയൽ മേഖലയിൽ ഉള്ള കലാകാരന്മാർ പ്രതിമാസം 200/- രൂപയും മറ്റ് മേഖലയിൽ ഉള്ളവർ 50/- രൂപയുമാണ് അംശദായമായി അടയ്ക്കേണ്ടത്.<br><br>കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് അംഗത്വത്തിന് അപേക്ഷ സമർപ്പിക്കുന്ന കലാകാരന്മാർക്ക് അക്കാഡമികളുടെ/ അംഗീകരിച്ച സംഘടനകളുടെയോ അംഗീകാര ത്തോടെ ക്ഷേമനിധി അംഗത്വം നൽകി വരുന്നു. ക്ഷേമനിധി ബോർഡ് അംഗത്വത്തിനും ആനുകൂല്യങ്ങൾക്കുമായി ക്ഷേമനിധി ബോർഡിന്റെ www.cwb.kerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ് |

| | | | |
|---|---|---|---|
| | | | നിലവിൽ ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ സർക്കാർ അംഗീകാരമുള്ള സാംസ്കാരിക സ്ഥാപനങ്ങളായ സംഗീത നാടക അക്കാഡമി, ഫോക്ലോർ അക്കാഡമി, കലാമണ്ഡലം, സാഹിത്യ അക്കാഡമി, ലളിതകലാ അക്കാഡമി, ഹാന്റിക്രാഫ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, ചലച്ചിത്ര അക്കാഡമി, ചലച്ചിത്ര വികസന കോർപ്പറേഷൻ, സിനിമാ മേഖലയിൽ നിന്നും അമ്മ, ഫെഫ്ക, മലയാളം ടെലിവിഷൻ ഫെർട്ടേണിറ്റി, ഫിലിം പ്രൊഡ്യൂസേഴ്സ് അസ്സോസിയേഷൻ, ഡിസ്ട്രിബ്യൂട്ടേഴ്സ് അസ്സോസിയേഷൻ, ആത്മ എന്നീ സംഘടനകൾക്ക് അതാത് അപേക്ഷകൾ അയച്ചുകൊടുക്കുകയും അവിടെ നിന്നും അംഗീകാരം കിട്ടുന്ന മുറയ്ക്ക് രജിസ്ട്രേഷൻ നൽകി അംഗത്വ കാർഡ് വിതരണം ചെയ്തു വരുകയും ചെയ്യുന്നു. |
| (സി) | നിലവിൽ ആകെ എത്ര അംഗങ്ങളാണ് കലാകാരന്മാരുടെ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്; | (സി) | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ 27.01.2026 വരെ 20551 പേർ അംഗങ്ങളായിട്ടുണ്ട്. |
| (ഡി) | ക്ഷേമനിധി അംഗത്വത്തിനായി നാളിതുവരെ ലഭിച്ച അപേക്ഷകളിൽ നടപടിക്രമങ്ങൾ പൂർത്തിയാകാത്തതായി എത്ര അപേക്ഷകളാണ് ക്ഷേമനിധിയിൽ നിലവിലുള്ളത്; | (ഡി) | ക്ഷേമനിധി ബോർഡിൽ ലഭിച്ച അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാകാത്ത അപേക്ഷകളില്ല. |
| (ഇ) | ക്ഷേമനിധിയിൽ ലഭിക്കുന്ന വിവിധ അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഓരോ വിഭാഗത്തിൽപ്പെട്ട അപേക്ഷകളും തീർപ്പാക്കുന്നതിന് സമയക്രമം നിശ്ചയിച്ച് നിലവിൽ തീർപ്പാകാത്ത അപേക്ഷകൾ തീർപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ഇ) | ക്ഷേമനിധിയിൽ ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടില്ല. ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ കാലതാമസം കൂടാതെ മാനദണ്ഡങ്ങൾക്ക് വിധേയമായി തീർപ്പാക്കി നൽകുന്നുണ്ട്. നിലവിൽ തീർപ്പാകാത്ത അപേക്ഷകൾ ഇല്ല. |

സെക്ഷൻ ഓഫീസർ